# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3871**

**21.10.2016 - ൽ**
**മറുപടിക്ക്**

## നീരയുടെ നിർമ്മാണവും വിപണനവും

**ചോദ്യം**
**ശ്രീ. എസ്. ശർമ്മ**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** നീരയുടേയും നീരയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണവും വിപണനവും ലക്ഷ്യമിട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

**എ)** കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്ത്വത്തിൽ തെങ്ങിൽ നിന്നും നീരയും, തെങ്ങിൻ പൂങ്കുലയിൽ നിന്നും കേരചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്റ്റേഷനും, പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്റ്റ് നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചിട്ടുണ്ട്. നീര പൈലറ്റ് പ്രോജക്റ്റിന്റെ ചെലവുകൾക്കായി 130.00 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷന് നൽകിക്കൊണ്ട് ചെലവുകൾക്കായി 180.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തിരുവനന്തപുരത്ത് ആറ്റിങ്ങൽ, എറണാകുളത്ത് ഇടപ്പള്ളി എന്നിവിടങ്ങളിൽ സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ നീര വില്പനശാലകൾ ആരംഭിച്ചിട്ടുണ്ട്.

നീര ഉല്പാദക യൂണിറ്റുകൾ സ്ഥാപിക്കുന്ന നാളികേര ഉത്പാദക സൊസൈറ്റികൾ /ഫെഡറേഷനുകൾ / കൃഷി വകുപ്പിനു കീഴിലുള്ള ഏജൻസികൾ എന്നിവയ്ക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് സഹായ ധനമായി പരമാവധി 50.00 ലക്ഷം രൂപ അനുവദിക്കുന്നതാണ്. നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി 10,000/- രൂപ അനുവദിക്കുന്നതാണ്. 2016-17 ലെ ബഡ്ജറ്റിൽ നീര ടെക്നീഷ്യൻ പരിശീലനത്തിനായി 50.00 ലക്ഷം രൂപയും, നീര ഉല്പാദക യൂണിറ്റ് സ്ഥാപിക്കുന്നതിനായി 150.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ഉത്പാദിപ്പിക്കുന്ന നീര (കേരാമൃതം), മൂല്യവർദ്ധിത ഉത്പ്പന്നങ്ങളായ കേരചക്കര, കേര ജാം, കേര സിപ്പ് അപ് എന്നിവ പടന്നക്കാട് കാർഷിക കോളേജിലും പീലിക്കോട്, നീലേശ്വരം ഗവേഷണ കേന്ദ്രങ്ങളിലും, മണ്ണുത്തിയിലെ കാർഷിക വിവര വ്യാപന കേന്ദ്രങ്ങളിലും വിൽപ്പന നടത്തിവരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാല നൽകിവരുന്ന നീര കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനിലെ ഏലത്തൂർ, എറണാകുളം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിലും വിൽപ്പന നടത്തുന്നു.

**ബി)** സംസ്ഥാനത്ത് എത്ര നീര പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

**ബി)** നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകൾ / നാളികേര വികസന കോർപ്പറേഷൻ എന്നിവയിലൂടെ നീര ഉല്പാദനം നടത്തുന്നുണ്ട്. 2015-16 ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനി, കുറ്റിയാടി ഫാർമേഴ്സ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി എന്നിവയ്ക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 50.00 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ഇവ കൂടാതെ നാളികേര വികസന ബോർഡിനു കീഴിലുള്ള തിരു-കൊച്ചി, വടകര, പാലക്കാട്, കൊടുങ്ങല്ലൂർ, കോഴിക്കോട് എന്നീ കോക്കനട്ട് പ്രോഡ്യൂസർ കമ്പനികൾ, നീര സംസ്കരണത്തിനായുള്ള സംവിധാനങ്ങൾ പൂർത്തീകരിച്ച് ഉല്പാദനം തുടങ്ങിയിട്ടുണ്ട്.

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ കോഴിക്കോട് ഏലത്തൂരിൽ പ്രതിദിനം 300 ലിറ്റർ നീര ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിച്ചിട്ടില്ല.

കാർഷിക സർവ്വകലാശാല പടന്നക്കാട് കോളേജിൽ ഒരു പൈലറ്റ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.

**സി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നീര ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; 200 ml നീര പാക്കറ്റ് 180 ml ആയി കുറച്ചിട്ടും വില കുറയ്ക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**സി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നീര ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. കാസർഗോഡുള്ള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന നീരയാണ് കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ വില്പന നടത്തി വരുന്നത്. കാർഷിക സർവ്വകലാശാല 2016 ഏപ്രിൽ 15 മുതൽ 200 ml നീരയുടെ വില 30/- രൂപയിൽ നിന്നും 35/- രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി.

സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീനിൽ കൂടി വില്പന നടത്തുന്ന നീര 30/- രൂപയ്ക്ക് ഒരു ബോട്ടിൽ ലഭിക്കത്തക്ക രീതിയിൽ 30/- രൂപയ്ക്ക് ആനുപാതികമായി 180 ml ആയി കുറവ് ചെയ്യുകയുണ്ടായി. 5/- രൂപ നാണയം വെൻഡിംഗ് മെഷീനിൽ നിക്ഷേപിക്കാൻ സാധിക്കാത്തതു കൊണ്ടാണ് ഇപ്രകാരം ചെയ്തത്.

സെക്ഷൻ ഓഫീസർ